പ്രൊഫ.എസ്.അച്യുതവാര്യർ

ഭാഷാവ്യാകരണപഠനം

മലയാളവ്യാകരണത്തെകുറിച്ച്
ഇന്നുവരെ രചിക്കപ്പെട്ടിട്ടുള്ളതിൽ
ഏറ്റവും പുതുമയാർന്നതും മൗലികമായ
വീക്ഷണങ്ങൾ അടങ്ങിയതുമായ പുസ്തകം.
അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ
പ്രയോജനപ്പെടുന്ന വിധത്തിൽ ആധികാരികവും
ലളിതവുമായ പ്രതിപാദനം.

SIL-2599

വില - 110-/

9788176389389

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഭാഷാവ്യാകരണപഠനം

പ്രൊഫ.എസ്.അച്യുതവാര്യർ

32

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഭാഷാവ്യാകരണപഠനം

പ്രൊഫ.എസ്.അച്യുതവാര്യർ

1821 32

College of Avian Sciences & Management
LIBRARY
Thiruvazhamkunnu 678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1821 Call No.

This book should be returned on or before the date last given below.

Malayalam
BHASAHA VYAKARANA PADANAM
(PAPERS ON MALAYALAM VYAKARANAM)

Compiled by
Prof. S. Achutha warrier

First Published : June 2011

Typeset at
Info needs
Indeevaram, Kariyam
Thiruvananthapuram - 17

Printed at
Sujilee Colour Printers,
Chathannoor, Kollam - 691 572

Copies : 1000

Published by
The State Institute of Languages, Kerala
Thiruvananthapuram - 695 003

© The State Institute of Languages,

Kerala, Thiruvananthapuram - 2011

Price: ₹ **110/-** ISBN-978-81-7638-938-9

Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture), New Delhi.

SIL/2599 FT-1617

ഭാഷാവ്യാകരണപഠനം

പ്രൊഫ. എസ്. അച്യുതവാര്യർ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ജനറൽ എഡിറ്റർ	:	ഡോ. എം.ആർ. തമ്പാൻ
എഡിറ്റർ &		
പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്	:	എൻ. ജയകൃഷ്ണൻ
കവർ ഡിസൈൻ	:	വിഷൻ തേർഡ് വെബ് & ഗ്രാഫിക്സ്

General Editor	:	Dr. M.R. Thampan
Editor &		
Production Executive	:	N. Jayakrishnan
Cover Design	:	Vision 3rd Web & Graphics

ആമുഖം

കേരളത്തിലെ എല്ലാ സർവകലാശാലകളിലെയും മലയാളം ബി.എ, എം.എ പരീക്ഷകൾക്കും മദ്രാസ്, മധുരസർവകലാശാലകളിലെ എം.എ പരീക്ഷയ്ക്കും വ്യാകരണം ഒരു പ്രധാന പാഠ്യവിഷയമാണ്. വിശദമായ പാഠ്യപദ്ധതി നിശ്ചയിക്കാറുണ്ടെങ്കിലും വളരെക്കാലം മുൻപു മുതലെന്നപോലെ ഇന്നും പാഠപുസ്തകമായി കേരളപാണിനീയവും ലീലാതിലകവും തുടർന്നുപോരികയാണ്. കേരളപാണിനീയത്തിന്റെ ബലിഷ്ഠമായ ഭൂമികയിലുറച്ചുനിന്നുകൊണ്ടല്ലാതെ ഭാഷാവ്യാകരണ ചിന്ത സാധ്യമല്ലാത്തവിധം പ്രാമാണികതയും ആധികാരികതയും പ്രചാരവും ആഗ്രന്ഥത്തിനുണ്ടെന്നുള്ളത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്. പക്ഷേ, ജീവൻഭാഷയ്ക്കു സഹജമായുള്ള പരിണാമസ്വഭാവംകൊണ്ട് കേരളപാണിനീയത്തിലെ വ്യാകരണനിയമങ്ങളിൽ പലതിനും അപവാദങ്ങൾ (exceptions) ഉണ്ടായിട്ടുണ്ട്. ആനിലയ്ക്ക് പല നിയമങ്ങളുടെയും നിഗമനങ്ങളുടെയും സാധുത പുനരാലോചനയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ആധുനികഭാഷാശാസ്ത്രത്തിന്റെ കാഴ്ചപ്പാടനുസരിച്ചും അതിനു പ്രസക്തിയുണ്ട്.

കേരളപാണിനീയത്തെസമീപിച്ചിട്ടുള്ള എല്ലാവരും ഒരുപോലെ പറയുന്ന മറ്റൊരുവസ്തുതയുണ്ട്. അതിന്റെ ദുർഗ്രഹതയും പലകാര്യങ്ങളിലും കാണുന്ന പരസ്പരവിരുദ്ധമായ പ്രസ്താവങ്ങളും. ഇത് വിദ്യാർത്ഥികളെയും അധ്യാപകരെയും ഒരുപോലെ വിഷമിപ്പിക്കുന്നുണ്ട്. പൊതുവേപറഞ്ഞാൽ ഭാഷാവ്യാകരണപഠനം കൂടുതൽ സൂക്ഷ്മതയും ശ്രദ്ധയും ആവശ്യപ്പെടുന്നു. വിഷയകാഠിന്യത്തോടൊപ്പം പ്രതിപാദനത്തിന്റെ ദുർഗ്രഹതകൂടിയാകുമ്പോൾ സ്വാഭാവികമായും പഠിതാക്കൾ ആ വിഷയത്തോടുവിമുഖരാകും. ഇത് അധ്യാപനത്തെയും പ്രതികൂലമായി ബാധിക്കുന്നു എന്നുപറയാതെ നിവൃത്തിയില്ല. വ്യാകരണം പഠിപ്പിക്കാൻ സ്വമേധയാതാല്പര്യപൂർവം മുൻപോട്ടുവരുന്ന അധ്യാപകർ വളരെവിരളമാണെന്നത് ഒരു യാഥാർത്ഥ്യമാണ്. സാഹചര്യത്താലോ നിർബ്ബന്ധത്തിന്റെ പേരിലോ അതേറ്റെടുക്കുന്നവരാണധികവും. ഇതിന്റെയൊക്കെ പരിണതഫലം ഏതാനും കാരികകൾ ഹൃദിസ്ഥമാക്കുന്നതിൽ മാത്രമായി വ്യാകരണപഠനം ഒതുങ്ങുന്നു എന്നതാണ്.

ബി.എ.യ്ക്കും എം.എയ്ക്കും മലയാളം പഠിക്കുന്നവരാണ് വരും തലമുറകളിലെ വിദ്യാർത്ഥികളെ സ്കൂളിലും കോളേജിലും മലയാളം പഠിപ്പിക്കുവാൻ നിയുക്തരാവുക എന്നതത് വല്ലാത്ത ഒരു ദുഷിതവലയത്തിലേക്കാണ് നയിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടാണ് പാഠ്യപദ്ധതി അനുസരിച്ച്, പ്രതിപാദനത്തിന്റെ ദുർഗ്രഹത പരമാവധി ഒഴിവാക്കി, കേരളപാണിനീയത്തിനുശേഷമുണ്ടായിട്ടുള്ള വ്യാകരണ വിചിന്തനങ്ങളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട്, ആവശ്യമുള്ള സന്ദർഭങ്ങളിൽ സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് വ്യാകരണങ്ങളുമായി താരതമ്യം ചെയ്തുകൊണ്ട്, വിദ്യാർത്ഥികളും അധ്യാപകരും ഉത്സാഹപൂർവ്വം വ്യാകരണവിഷയത്തെ സമീപിക്കണമെന്ന ആഗ്രഹത്തിൽ സർവകലാശാലാ തലത്തിൽ ഭാഷാവ്യാകരണത്തിന് ഒരു പാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ദീർഘകാലം ബി.എ, എം,എ ക്ലാസുകളിൽ താല്പര്യപൂർവം വ്യാകരണം പഠിപ്പിച്ച പരിണിതപ്രജ്ഞനായ ശ്രീ. എസ്. അച്യുതവാര്യരാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്. പതിവ് വ്യാകരണഗ്രന്ഥങ്ങളിൽ നിന്ന് ഈ പുസ്തകം എങ്ങനെ വേറിട്ടു നിൽക്കുന്നുവെന്ന് ഇതിന്റെ ഉള്ളടക്കവും പ്രതിപാദനവുംകൊണ്ട് ബോധ്യമാകും. 'ഭാഷാവ്യാകരണപഠനം' എന്ന ഈ പുസ്തകം കേരളത്തിലെ മലയാളം അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഞങ്ങൾ സന്തോഷപൂർവം പ്രകാശനം ചെയ്യുന്നു.

തിരുവനന്തപുരം
ജൂൺ, 2011

ഡോ. എം.ആർ. തമ്പാൻ
എൻ. ജയകൃഷ്ണൻ

പ്രൊഫ. എസ്.അച്യുതവാര്യർ

ജനനം-3-2-1941-ൽ ചങ്ങനാശ്ശേരിയിൽ പെരുന്ന മരങ്ങാട്ടു വാര്യത്ത്. അച്ഛൻ: വാസുദേവവാര്യർ. അമ്മ: മാധവിക്കുട്ടിയമ്മ. വിദ്യാഭ്യാസം: പെരുന്ന എൻ.എസ്.എസ്. ഹൈസ്കൂളിലും ഹിന്ദുകോളേജിലും. 1966-ൽ ഹിന്ദുകോളേജിൽ മലയാളം എം.എ. ആദ്യബാച്ചിൽ ഒന്നാം ക്ലാസിൽ ജയിച്ചു. 1966-ൽ ഹിന്ദു കോളേജിൽ അധ്യാപകനായി. 1976 മുതൽ 1996 വരെ തിരുവനന്തപുരം എം.ജി. കോളേജിൽ അധ്യാപകനും വകുപ്പുമേധാവിയുമായിരുന്നു. 1996-ൽ വിരമിച്ചു.

ഭാര്യ: ആനന്ദവല്ലി.
മക്കൾ: രാജിചന്ദ്രൻ
അരുൺ വാര്യർ.

വിലാസം:
'ലക്ഷ്മി' 168
ഗാന്ധിനഗർ
വഴുതയ്ക്കാട്
തിരുവനന്തപുരം-695 014
ഫോൺ: 2329611.

ഉള്ളടക്കം

ഒന്ന്:- ഭാഷാവ്യാകരണഗ്രന്ഥങ്ങൾ-കേരളപാണിനീയം വരെ ഒരു സാമാന്യാവലോകനം

ഭാഷാവ്യാകരണത്തെക്കുറിച്ചുള്ള ആദ്യപരാമർശം-ലീലാതിലകം-കേരളഭാഷയുടെ സ്വതന്ത്രപദവി സ്ഥാപിച്ച ആദ്യപ്രമാണഗ്രന്ഥം. വിദേശമിഷനറിമാരുടെ വ്യാകരണ രചനകൾ-അഞ്ചലോസ് ഫ്രാൻസിസ്-വായ്മൊഴിയുടെ വ്യാകരണം; അർണോസ് പാതിരി-ഗ്രന്ഥഭാഷയുടെ വ്യാകരണം; റോബർട്ട്ഡ്രമണ്ട്-ഗ്രാമർ ഓഫ് ദ മലബാർ ലാംഗ്വേജ്, ജോസഫ്പിറ്റ്-മലയാളവ്യാകരണം ഗാർത്ത്വൈറ്റ്-മലയാളഭാഷാവ്യാകരണസംഗ്രഹം; ഡോ. ഹെർമൻഗുണ്ടർട്ട്-മലയാളഭാഷാവ്യാകരണം; റോബർട്ട് കാൽഡ്വൽ-ദ്രാവിഡഭാഷാവ്യാകരണം; ജോർജ്മാത്തൻ-മലയാളിയുടെ, മലയാളത്തിലെഴുതിയ ആദ്യമലയാളവ്യാകരണം-മലയാഴ്മയുടെ വ്യാകരണം; കോവുണ്ണി നെടുങ്ങാടി-കേരളകൗമുദി; എ.ആർ. രാജരാജവർമ്മ-കേരളപാണിനീയം ആദ്യപതിപ്പ്-രണ്ടാം പതിപ്പിലേക്കുള്ള മാറ്റം-പീഠികയുടെ പ്രാധാന്യം. ഡോ. കെ. സുകുമാരപ്പിള്ള-കൈരളിയുടെ ശബ്ദാനുശാസനം.

രണ്ട്:- മലയാളസംജ്ഞ

നിരുക്തിഭേദങ്ങൾ-ഭാഷോൽപ്പത്തി. തമിഴിന്റെ ഉപഭാഷ-കാൽഡ്വൽ-ഗുണ്ടർട്ട്-എൽ.വി. രാമസ്വാമി അയ്യർ-എ.സി. ശേഖർ-ഇളങ്കുളം-മൂലദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖ-ആറ്റൂർ-ചേലനാട്ട് അച്യുതമേനോൻ ഡോ. ഗോദവർമ്മ-ഉള്ളൂർ-ഘട്ടവിഭജനം.

മൂന്ന്:- അക്ഷരമാല

വർണ്ണം-ഭാഷയുടെ അടിസ്ഥാനഘടകം-Phoneme-ധ്വനി ശബ്ദം-ഉച്ചാരണം എന്നീ പേരുകൾ-സ്വരവും വ്യഞ്ജനവും വിഭജനത്തിനടിസ്ഥാനം-അക്ഷരം-കൂട്ടക്ഷരം അഥവാ സംയുക്താക്ഷരങ്ങൾ-ലിപി-വർണ്ണമാലയും അക്ഷരമാലയും-ഇംഗ്ലീഷുമായുള്ള താരതമ്യം-അക്ഷരമാല-തമിഴിലെ ഉയിരെഴുത്തും മെയ്യെഴുത്തും-പേരിന്റെ അന്വർത്ഥത-ദ്രാവിഡഭാഷകളുടെ അക്ഷരമാലയും ലിപിവ്യവ

സ്ഥയും-ഗ്രന്ഥാക്ഷരം-ബ്രാഹ്മിലിപി മലയാളം അക്ഷരമാല-ഇന്നത്തെ അക്ഷരമാല രൂപപ്പെടുത്തിയത് എഴുത്തച്ഛനാണെന്ന കേരളപാണിനിയുടെ അഭിപ്രായം-വിമർശനം. മലയാളത്തിലെ അക്ഷരസംഖ്യ-പൂർവികമതങ്ങൾ-ലിപിമാനകീകരണം-13 സ്വരവും 36 വ്യഞ്ജനങ്ങളും-49അക്ഷരങ്ങൾ. ധ്വനി ഭേദോപാധികൾ-അനുപ്രദാനം-കരണവിഭ്രമം-സംസർഗ്ഗം-മാർഗ്ഗഭേദം-സ്ഥാനഭേദം-പരിമാണം ഭാഷാവർണങ്ങളുടെ ധ്വനിമൂല്യം-'അ'-ശുദ്ധം-താലവ്യോഷ്ഠ്യഭേദം-ഌകാരത്തിന്റെ സ്വരപദവി-സന്ധ്യക്ഷരങ്ങളും സമാനാക്ഷരങ്ങളും-സംവൃതോകാരം-പേരിന്റെ സ്വീകാര്യത-പ്രത്യേകസ്വരപദവി-ചില്ലക്ഷരങ്ങൾ-മധ്യമവർണ്ണങ്ങളുടെ ധ്വനിമൂല്യം-വർത്സ്യവർഗ്ഗം-സംസ്കൃതത്തിലില്ലാത്ത ദ്രാവിഡാക്ഷരങ്ങൾ-അധികാക്ഷരനിരൂപണം.

നാല്:- വർണ്ണവികാരവും സന്ധിയും

സമാനധർമ്മം-പ്രയത്നലാഘവവും ഉച്ചാരണസൗകര്യവും. വ്യത്യാസം-വർണ്ണവികാരം സ്വരങ്ങളിലും വ്യഞ്ജനങ്ങളിലും-സന്ധി-നിർവചനം-സന്ധിയുടെ ധർമ്മം-സന്ധി എവിടെ എത്രത്തോളമാകാം-സന്ധിവിഭജനം ഭിന്നമാനദണ്ഡങ്ങൾ-സ്ഥലഭേദം-സ്വരവ്യഞ്ജനഭേദം-വികാരഭേദം-നാലുവിധം-ലോപം-ആഗമം, ദ്വിത്വം-ആദേശം-സന്ധികൾ രണ്ടേയുള്ളു എന്ന മതം-ലോപവും ആഗമവും-സവർണ്ണാഗമം ദ്വിത്വം-ലോപവും ആഗമവും ഒരിടത്തായാൽ ആദേശം-സന്ധിപ്രകരണത്തിലല്ലാതെയുള്ള സന്ധികാര്യങ്ങൾ-പ്രസക്തിനഷ്ടപ്പെട്ട ലീലാതിലകസന്ധിസൂത്രങ്ങൾ.

അഞ്ച്:- ശബ്ദവിഭാഗം

ശബ്ദം-നിർവചനം-ഭാഷാശാസ്ത്രത്തിലെരൂപിമം-പദം-നിർവചനം-സ്വതന്ത്രമായ അർഥവും സ്വതന്ത്രമായ വ്യാകരണരൂപവുമുള്ള ശബ്ദം-പദസ്വരൂപം-പ്രകൃതിയും പ്രത്യയവും-പ്രത്യയം അർഥഭേദത്തിന്-പ്രത്യയങ്ങൾക്ക് പരഭാഗമെന്നപേര്-പദങ്ങളുടെ വർഗീകരണം-ഗുണ്ടർട്ട്, ജോർജ്ജുമാത്തൻ-കേരളപാണിനിയുടെ സമീപനം-വാചകവും ദ്യോതകവും-വാചകങ്ങൾ-നാമം, കൃതി, ഭേദകം-നാമാദിവിഭാഗങ്ങൾക്കു നിയാമകം അർത്ഥമാണെന്ന കേരളപാണിനിയ സിദ്ധാന്തം-അതുകൊണ്ടുള്ള ആശയക്കുഴപ്പം-സിദ്ധാന്തവിമർശനം-സി.എൽ. ആന്റണി-കേരളപാണിനിയുടെ ശബ്ദവിഭാഗത്തിന് ഇംഗ്ലീഷുമായുള്ള താരതമ്യം. ഭാഷാശബ്ദങ്ങൾക്ക് ആഗമം മുൻനിർത്തി ആഭ്യന്തരം, ബാഹ്യം എന്ന വിഭാഗം-ആഭ്യന്തരം-സ്വന്തം, സാധാരണം, ദേശി, ബാഹ്യം-തൽഭവം, തൽസമം.

ആറ്:- നാമം

നിർവചനം-വിഭക്തി, ലിംഗ, വചനപ്രത്യയങ്ങൾ സ്വീകരിക്കുന്ന പദവിഭാഗം-നാമത്തിന്റെ വർഗീകരണം-കേരളപാണിനിയുടെ നാമവിഭജനം-ദ്രവ്യ-ക്രിയാ-ഗുണനാമങ്ങൾ-ദ്രവ്യനാമത്തിന് സംജ്ഞാ-സാമാന്യ-മേയ-സർവനാമങ്ങൾ-ഇങ്ങനെയൊരു വിഭജനത്തിനു ഭാഷാവ്യാകരണത്തിലുള്ള പ്രസക്തി? ഇംഗ്ലീഷിന്റെ അനുകരണം-സർവ്വനാമങ്ങൾ-ഗുണ്ടർട്ടിന്റെ പ്രതിസംജ്ഞ-ഇംഗ്ലീഷിലെ-pronoun-ലീലാതിലകകാരന്റെ കേവലസ്വരം-ചുട്ടെഴുത്തും സർവ്വനാമവും-കാൽഡ്വലിന്റെ മതം-സർവനാമനിർവ്വചനം-ശേഷഗിരിപ്രഭു-സർവത്തിന്റെയും നാമം എന്നു കേരളപാണിനി-സൂചകധർമ്മവും ആദേശധർമ്മവും അന്തർഭവിക്കുന്നു-ഭാഷയിലെ സർവനാമങ്ങൾ-ഉത്തമപുരുഷസർവ്വനാമത്തിന് (ഞാൻ) ബഹുവചനത്തിൽ രണ്ടു രൂപങ്ങൾ-ഞങ്ങൾ, നമ്മൾ-മലയാളത്തിന്റെ സവിശേഷത.
ലിംഗം - വ്യാകരണത്തിൽ-ദ്രാവിഡഭാഷകളിൽ സ്വാഭാവികലിംഗവ്യവസ്ഥ-സംസ്കൃതവുമായുള്ള താരതമ്യം-പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം-ലിംഗവ്യവസ്ഥരൂപപ്പെട്ടതെങ്ങനെ?-നപുംസകലിംഗത്തിന്റെ കാര്യത്തിൽ ഭാഷയുടെ സവിശേഷത-ലിംഗപ്രത്യയങ്ങൾ ആദ്യം ചുട്ടെഴുത്തുകളോടു ചേർന്നു എന്ന് കാൽഡ്വൽ-ലിംഗപ്രത്യയങ്ങൾ-അൻ, ഇ, അൾ, അം, തു-പ്രത്യയങ്ങളുടെ ആഗമം-അംലിംഗപ്രത്യയമോ അംഗപ്രത്യയമോ? കാൽഡ്വലിന്റെ വാദമുഖങ്ങൾ-നപുംസകലിംഗ പ്രത്യയമെന്നതിന് കേരളപാണിനിയുടെ യുക്തികൾ

വചനം -ദ്രാവിഡഭാഷയിൽ വചനം രണ്ട്-ഏകവചനം, ബഹുവചനം-സംസ്കൃതത്തിൽ ദ്വിവചനവും-ആധുനിക ഇൻഡോയൂറോപ്യൻ ഭാഷകളിൽ ദ്വിവചനമില്ല-ബഹുവചനം, മൂന്നുവിധം-സലിംഗം, അലിംഗം, പൂജകം-ബഹുവചനപ്രത്യയങ്ങൾ-അർ, മാർ, കൾ, അ-കൾ നപുംസകലിംഗപ്രത്യയമോ?-ബഹുവചനപ്രത്യയങ്ങൾ ചേരുമ്പോഴുള്ള സവിശേഷതകൾ-'ക്ലീബേവേണ്ട ബഹുക്കുറി'-ഇന്നത്തെ ഭാഷയിലെ പ്രസക്തി?-കൾ പ്രത്യയത്തിന്റെ വിതരണത്തിലുള്ള അവ്യവസ്ഥ-കൾ നപുംസകലിംഗപ്രത്യയമാണെന്ന കേരളപാണിനിയുടെ നിലപാടിന്റെ സാധുത? വചനപ്രത്യയങ്ങളുടെ-ആഗമം.

ഏഴ്:- വിഭക്തിയും കാരകവും

വിഭക്തി-നിർവചനം-സംസ്കൃതത്തിലും ഭാരതീയഭാഷകളിലും-മലയാളത്തിലും കേരളപാണിനീയം വരെ-ഭാഷാവിഭക്തിക്കു പുതിയ

പേരു കൽപ്പിച്ചതിലുള്ള യുക്തി? പേരുമാറിയതുകൊണ്ട് പ്രശ്നം പരിഹൃതമായോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? സി.എൽ. ആന്റണിയുടെ വിശകലനം-ഭാഷാവിഭക്തികളും പ്രത്യയങ്ങളും-വിഭക്ത്യംഗം ചേർക്കുന്നതെങ്ങനെ? വിഭക്തിപ്രത്യയങ്ങളുടെ ഉൽപ്പത്തി-സംബന്ധിക വിഭക്തിയോ? അല്ലെന്നു പ്രഭാകരവാര്യർ-അതിനുള്ള യുക്തികൾ

കാരകം-നിർവചനം-ക്രിയയും മറ്റുപദങ്ങളുമായുള്ള ആകാംക്ഷ-സംസ്കൃതത്തിലെപ്പോലെ ഭാഷയിലും ആറു കാരകങ്ങൾ-സംസ്കൃതത്തിലെ അപാദാനകാരകത്തിനുപകരം സാക്ഷികാരകം-സമ്പ്രദാനകാരകത്തിനു പകരം സ്വാമികാരകം-ഭാഷയിലെ കാരകങ്ങൾ -കർത്തൃകാരകം-കർമ്മകാരകം-സാക്ഷികാരകം-സ്വാമികാരകം-കരണകാരകം-അധികരണകാരകം-സമാനാധികരണവും വ്യധികരണവും-സംബന്ധികയ്ക്കുകാരകമില്ല എന്തുകൊണ്ട്?-വിശിഷ്ടക്രിയ അഥവാ ദ്വികർമ്മക്രിയ-നിഗീർണകർത്തൃകം-

എട്ട്:- തദ്ധിതവും കൃത്തും

തദ്ധിതവും കൃത്തും തമ്മിലുള്ള വ്യത്യാസം-നിർവചനം-കേരളപാണിനീയത്തിലെ അവ്യക്തത-ഗുണ്ടർട്ടിലും-പ്രക്രിയാഭാഷ്യകാരന്റെ വിശദീകരണം-തദ്ധിതം-സംസ്കൃതത്തിലും ഭാഷയിലും-വിഭാഗങ്ങൾ തന്മാത്രതദ്ധിതം, തദ്വത്തദ്ധിതം, നാമനിർമ്മായിതദ്ധിതം, പൂരണിതദ്ധിതം അവയ്ക്കുള്ള പ്രത്യയങ്ങളും ഉദാഹരണങ്ങളും-തദ്ധിതം സർവനാമങ്ങളിൽ- **കൃത്ത്** -സിദ്ധക്രിയ-ക്രിയാനാമം - രണ്ടുവിധം-കൃതികൃത്തും കാരകകൃത്തും-ഗുണ്ടർട്ടിന്റെ ഭാവനാമങ്ങളും പുരുഷനാമങ്ങളും. കൃതികൃത് പ്രത്യയങ്ങൾ-പ്രത്യയങ്ങളുടെ ഉപയോഗം വ്യവസ്ഥാപിതമല്ല-സാമാന്യമായ മാർഗ്ഗനിർദ്ദേശങ്ങൾ-കാരകകൃത്ത്-നിർവചനം-പ്രത്യയം അൻ,ഇ-കൃത്തദ്ധിതങ്ങളുടെ ചില പ്രത്യയങ്ങൾ പൊതുവായുള്ളതാണ്. പ്രത്യയങ്ങളുടെ ഉപയോഗം പൂർണമായും വ്യവസ്ഥാപിതമല്ല.

ഒൻപത്:- ധാത്വധികാരം

നിർവചനം-ദ്രാവിഡധാതുക്കൾ-സവിശേഷത-ഭാഷാധാതുക്കളുടെ വിഭജനം-സ്വരാന്തം-വ്യഞ്ജനാന്തം-ഏകമാത്രകം-അനേകമാത്രകം-ധാതുസ്വരത്തിലുള്ള മാറ്റം-ക്രിയ എന്നാലെന്ത്? ക്രിയയുടെ വർഗീകരണം-സകർമകം-അകർമകം, കേവലം-പ്രയോജകം, കാരിതം-അകാരിതം, മുറ്റുവിന-പറ്റുവിന-കേരളപാണിനിയുടെ ക്രിയാവിഭജനം വിമർശന ദൃഷ്ടിയിൽ-ഗുണ്ടർട്ടും കാൽഡ്വലും-ക്രിയാരൂപനിഷ്പാദനം ദ്രാവിഡത്തിൽ-മലയാളത്തിന്റെ പ്രത്യേകത—'ഖരാദേശമിരട്ടിപ്പ്' ഈ നയത്തിന്റെ യുക്തിയും വ്യാപ്തിയും-അംഗക്രിയ-പേരെച്ചം-വിനയെച്ചം വിനയെച്ചവിഭാഗങ്ങൾ-മുൻ, പിൻ, തൻ, നടു, പാക്ഷികങ്ങൾ-വിനയെച്ചങ്ങൾ മുൻ, പിൻ, നടു എന്ന മൂന്നേയുള്ളു എന്ന സിദ്ധാന്തത്തിന്റെ പ്രസക്തി.

പത്ത്:- കാലം - പ്രകാരം - പ്രയോഗം

കാലം മൂന്ന്-ഭൂതം, ഭാവി, വർത്തമാനം-കാലപ്രത്യയങ്ങളുടെ വിതരണത്തെക്കുറിച്ച് കേരളപാണിനി-ഭൂതതുകാരത്തിനു സംഭവിക്കുന്ന വികാരങ്ങൾ-ഭേദഗതികൾ-ഭാവികാലം-ശീലഭാവിയും അവധാരകഭാവിയും-ഭാഷയിൽ ഭാവികാലത്തിനുള്ള പ്രത്യേകതകൾ-ഭാവികാലം മറ്റു ദ്രാവിഡഭാഷകളിൽ-വർത്തമാനകാലം-തമിഴ്മലയാളങ്ങളിലെ വർത്തമാനകാലത്തിന്റെ ചരിത്രം-ദ്രാവിഡത്തിലെ കാലസങ്കൽപ്പം-കാലപ്രത്യയങ്ങളുടെ ആഗമം

പ്രകാരം എന്നാലെന്ത്? ഭാഷയിൽ നാലുപ്രകാരങ്ങൾ-നിയോജകം വിധായകം, അനുജ്ഞായകം, നിർദ്ദേശകം-പ്രകാരപ്രത്യയങ്ങൾ-നിഗീർണ്ണകർത്തൃകം -

പ്രയോഗം -കർത്തരി-കർമ്മണി-ഭാഷയിലെ കർമ്മണിപ്രയോഗം-അനുപ്രയോഗം എന്നാലെന്ത്? സംസ്കൃതവുമായുള്ള താരതമ്യം-ഭാഷയിൽ അനുപ്രയോഗങ്ങൾ മൂന്നുവിധം-ഭേദകാനുപ്രയോഗം-കാലാനുപ്രയോഗം-പൂരണാനുപ്രയോഗം.

പതിനൊന്ന്:- നിഷേധം

സംസ്കൃതവും ഇംഗ്ലീഷുമായുള്ള താരതമ്യം-നിഷേധം ദ്രാവിഡത്തിൽ-ക്രിയാനിഷേധം ദ്രാവിഡത്തിന്റെ പ്രത്യേകത-ആധുനികഭാഷയിൽ നിഷേധത്തിനു പല മാർഗ്ഗങ്ങൾ-അന്യഭാഷാ സ്വാധീനം-'ആ'യുടെ സാന്നിധ്യം.

പന്ത്രണ്ട്:- സമാസം

നിർവചനം-സംസ്കൃതവുമായുള്ള അന്തരം-ഘടകപദങ്ങളുടെ പ്രാധാന്യമനുസരിച്ചുള്ള വിഭാഗങ്ങൾ-ഭാഷയിലെ സമാസങ്ങൾ-തൽപ്പുരുഷൻ, ബഹുവ്രീഹി, ദ്വന്ദ്വൻ.

പതിമൂന്ന്:- വാക്യം

സ്വരൂപം-നിർവചനം-ഗുണ്ടർട്ടിന്റെ 'വാചക'വും കേരളപാണിനിയുടെ വാചകശബ്ദവും-ആധുനിക ഭാഷാശാസ്ത്രത്തിന്റെ സമീപനം-ഇംഗ്ലീഷിലെ-clause-വാക്യഘടന-ആഖ്യയും ആഖ്യാനവും-ആകാംക്ഷയും അന്വയവും-പദക്രമം-പൊരുത്തം-അംഗിവാക്യവും അംഗവാക്യവും-വാക്യവിഭാഗം-ഇംഗ്ലീഷുമായുള്ള താരതമ്യം.